


# സ്നാപകന്റെ ക്രിസ്തുസാക്ഷ്യം

യോഹ. 1:29 – 34 Vol. 11, Issue: 37

ബ്ര. ബിനു കുളങ്ങര MCBS

**ലോ**കപാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടിന്റെ തിരുരക്തത്താൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്ന വൈദികരേ, പ്രിയമുള്ള സഹോദരന്മാരേ,

മാനവരക്ഷയ്ക്കുവേണ്ടി മനുഷ്യനായി അവതരിച്ച ദൈവവചനമാകുന്ന യേശുക്രിസ്തുവിന്റെ പടിപടിയായുള്ള സ്വയം വെളിപ്പെടുത്തലാണ് ദനഹാക്കാലത്തിലൂടെ തിരുസഭാ മാതാവ് പ്രത്യേകമായി നമ്മെ അനുസ്മരിപ്പിക്കുന്നത്. ദനഹാക്കാലത്തിന്റെ മൂന്നാം ഞായറാഴ്ചയിലെ നാല് വായനകളും സവിശേഷമാംവിധം രക്ഷകനിലേയ്ക്ക് വിരൽചൂണ്ടുന്ന വചനഭാഗങ്ങളാണ്. സംഖ്യയുടെ പുസ്തകത്തിൽ നിന്നുള്ള ആദ്യവായനയിൽ, മോശ കർത്താവിനോട് അതിതീവ്രമായ ഭാഷയിൽ കാരുണ്യം യാചിക്കുകയാണ്. ഇസ്രായേൽ ജനത്തിന്റെ അടങ്ങാത്ത മുറവിളികൾക്കു മുമ്പിൽ ഭാരപ്പെട്ടു നിൽക്കുന്ന മോശയുടെ നിലവിളിയുടെ ഉത്തരം ഇന്നത്തെ സുവിശേഷഭാഗത്ത് ലോകപാപം നീക്കാൻ വന്ന ദൈവത്തിന്റെ കുഞ്ഞാടിൽ നാം കണ്ടുമുട്ടുന്നു. വീണ്ടും ഏശയ്യാ പ്രവചനം, ജീവനില്ലാത്ത വിഗ്രഹങ്ങളെ ദൂരെയെറിഞ്ഞ് നീതിമാനും രക്ഷകനുമായ ദൈവത്തിൽ അഭയം പ്രാപിച്ച് രക്ഷ സ്വന്തമാക്കുവാൻ ഇസ്രായേൽ ജനത്തോട് ആഹ്വാനം ചെയ്യുകയാണ്.

പഴയനിയമ വായനകളുടെ അർത്ഥം ഒട്ടും ചോർന്നുപോകാതെ ഹെബ്രായ ലേഖനവും രക്ഷകനിലൂടെ ലോകത്തിനു നൽകപ്പെട്ട ദിവ്യവചനങ്ങളെ ആഴത്തിൽ വിശ്വസിച്ച് പൂർണ്ണമായി അനുസരിക്കാൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ മൂന്നു വായനകളുടെ അന്തഃസത്ത അതിന്റെ പൂർണ്ണതയിൽ ഇന്നത്തെ സുവിശേഷഭാഗത്ത് ആവിഷ്ക്കരിക്കപ്പെടുമ്പോൾ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി യേശുവിനെ ലോകത്തിനു മുമ്പിൽ വിളിച്ചുപറയുന്ന സ്നാപകനെയാണ് വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്നത്.

ഇന്ന് നാം വായിച്ചുകേട്ട വചനഭാഗത്തിന് തൊട്ടുമുമ്പ് പുരോഹിതപുത്രനായ സ്നാപകന്റെ പ്രവാചകത്വം അന്വേഷിച്ച് കടന്നുവരുന്ന പുരോഹിതന്മാരോടും ലേവ്യരോടും ആദ്യമേ തന്നെ, താൻ ആരല്ലെന്നും അതിനുശേഷം താൻ ആരാണെന്നും വ്യക്തമായി പറയുന്ന സ്നാപകൻ തീർച്ചയായും സ്വന്തം അസ്തിത്വത്തെക്കുറിച്ചും ദൗത്യത്തെപ്പറ്റിയും കൃത്യമായ ബോദ്ധ്യമുള്ളവനായിരുന്നു. അതുകൊണ്ടുതന്നെ ദൈവം തന്നെ ഭരമേൽപിച്ചിരിക്കുന്ന കർത്തവ്യങ്ങളെ വ്യക്തമായി കാണുവാനും അതിനനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാനും തക്ക ആത്മീയ ഉൾക്കാഴ്ച സ്നാപകനുണ്ടായിരുന്നു. ഈയൊരു ആത്മീയദർശനമാണ് സ്നാപകന്, മിശിഹായെ യേശുവിൽ കാണാൻ സാദ്ധ്യമാക്കിയത്.

കാണുക എന്നതിന് മൂന്ന് വ്യത്യസ്തങ്ങളായ ഗ്രീക്ക് ക്രിയാപദങ്ങളാണ് ഇവിടെ സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്നത്. 29-ാം വാക്യത്തിൽ ''യേശു തന്റെ അടുത്തേയ്ക്ക് വരുന്നതുകണ്ട്'' എന്ന വിവരണത്തിൽ ''ഏകാഗ്രതയോടെ വീക്ഷിച്ചു'' എന്ന് അർത്ഥമുള്ള ''ബ്ലെപോ'' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. 32-ാം വാക്യത്തിൽ ''അവസാനിക്കുന്നത് കണ്ടു'' എന്ന അവതരണത്തിൽ ''അത്ഭുതത്തോടെ നോക്കി'' എന്ന് അർത്ഥം വരുന്ന ''തെയോറെയോ'' എന്ന പദമാണ് നൽകിയിരിക്കുന്നത്. എന്നാൽ, 34-ാം വാക്യത്തിൽ ''ഞാൻ അത് കാണുകയും ചെയ്തു'' എന്ന സാക്ഷ്യവിവരണത്തിൽ അനുഭവതലത്തിലുള്ള കാണലിനെ സൂചിപ്പിക്കുന്ന ''ഹൊറാദ'' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്.

ഇവിടെ യേശുവിന് വഴിയൊരുക്കാൻ കടന്നുവന്ന സ്നാപകൻ യേശുവിനെ ദർശിക്കുന്നത് തീർച്ചയായും തന്റെ ഭൗതിക കണ്ണുകളുടെ കാഴ്ചയിലല്ല. മറിച്ച്, തന്റെ ആത്മീയനയനങ്ങളുടെ ഉൾക്കാഴ്ചയിലാണ്. ഈ ലോകത്തിൽ യേശുവിനെ കാണാനും അനുഗമിക്കാനും ആഗ്രഹിക്കുന്ന ഏതൊരു ശിഷ്യനും സ്നാപകനെപ്പോലെ ഏകാഗ്രതയോടും അത്ഭുതത്തോടും കൂടെ ക്രിസ്തുവിൽ കണ്ണുനട്ടിരിക്കുന്നെങ്കിൽ മാത്രമേ ക്രിസ്ത്വാനുഭവം ആഴത്തിൽ സ്വന്തമാക്കുവാൻ സാധിക്കുകയുള്ളൂവെന്ന് ഇന്നത്തെ സുവിശേഷം നമ്മെ ഓർമ്മപ്പെടുത്തുകയാണ്. ആഴമാർന്ന ക്രിസ്ത്വാനുഭവങ്ങൾ ഒരു നെരിപ്പോട് പോലെ നമ്മിൽ ജ്വലിച്ചെങ്കിൽ മാത്രമേ ഒരു യഥാർത്ഥ സാക്ഷ്യജീവിതം നമ്മിലും സംജാതമാകൂ എന്നതിന് പരിശുദ്ധ ഗ്രന്ഥം സാക്ഷിയാണ്.

ബൈബിൾ ചരിത്രത്തിലൂടെ ഒന്ന് കണ്ണോടിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും, കണ്ട് അനുഭവിക്കുന്നതിൽ നിന്നാണ് തീക്ഷ്ണമായ സാക്ഷ്യജീവിതങ്ങൾ എന്നും രൂപപ്പെട്ടിട്ടുള്ളത്. നിത്യജീവന്റെ വചസ്സുകളെ ഹൃദയത്തിലേയ്ക്ക് ഏറ്റുവാങ്ങിയ സമരിയാക്കാരി സ്ത്രീ നിത്യജീവന്റെ വറ്റാത്ത ഉറവ യേശുവിൽ ദർശിച്ച് ഈ ലോകത്തിനു മുമ്പിൽ യേശുവിന് സജീവസാക്ഷ്യമേകി. ഉത്ഥാനാനുഭവം കൺമുമ്പിൽ ദർശിച്ച ശ്ലീഹന്മാർ അതിൽ നിന്നുണ്ടായ ക്രിസ്ത്വാനുഭവത്തെ ലോകത്തിന്റെ അതിർവരമ്പുകൾ വരെ സാക്ഷ്യപ്പെടുത്തി. കൊൽക്കത്തെയുടെ തെരുവീഥികളിൽ പാവപ്പെട്ടവരുടെയും രോഗികളുടെയും മുറിവുകൾ വച്ചുകെട്ടിയ മദർ തെരേസയെപ്പോലെ, മൊളോക്കോ ദ്വീപിലെ കുഷ്ഠരോഗികളെ ശുശ്രൂഷിച്ച വി. ഡാമിയനെപ്പോലെ ക്രിസ്ത്വാനുഭവത്തിൽ നിന്ന് ഉളവാകുന്ന സാക്ഷ്യജീവിതം നയിക്കാൻ നമുക്കും സാധിക്കണം.

പ്രിയമുള്ളവരേ, ഇന്നത്തെ കാലഘട്ടത്തിൽ ക്രിസ്തുവിന് സാക്ഷിയായി ജീവിക്കുകയെന്നത് ശരിക്കുമൊരു വെല്ലുവിളിയാണ്. ആധുനികലോകത്തിന്റേതായ അത്യാധുനിക ശാസ്ത്രസാങ്കേതിക കണ്ടുപിടുത്തങ്ങളും അതിലൂടെ സംജാതമാകുന്ന നവീനമായ ജീവിതശൈലികളും നമ്മുടെ സാക്ഷ്യജീവിതത്തിനേൽപ്പിക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. പ്രഭാതത്തിലുണർന്ന് ജീവന്റെ ഉറവിടമായ കർത്തൃസന്നിധിയിൽ അഭയം പ്രാപിക്കാനും പ്രഭാതജപങ്ങളാൽ ജീവിതത്തിന് അടിസ്ഥാനമിടാനും ദൈവവചന അയനത്തിലൂടെ ദൈവികസ്വരത്തിന്റെ സജീവ ശ്രോതാക്കളാകാനും മറക്കുന്ന ആധുനിക സാക്ഷ്യജീവിതങ്ങൾ പലപ്പോഴും ഇന്ന് ക്രിസ്തുനാഥനിൽ നിന്ന് ഒരു കല്ലേറു ദൂരം അകലെയാണെന്ന സത്യം നാം തിരിച്ചറിയാതെ പോകരുത്. വചനം പഠിപ്പിക്കാനും ജീവിക്കാനും നാം മറക്കുമ്പോൾ മിക്കപ്പോഴും ഇന്നത്തെ നമ്മുടെ സാക്ഷ്യജീവിതങ്ങൾ ദൈവരാജ്യ സംസ്ഥാപനത്തിൽ നിന്ന് ചുവടുമാറി സ്കൂളിന്റെ നിർമ്മാണയത്നങ്ങളിലും ലോകവ്യാപാരങ്ങളുടെ ആകർഷണങ്ങളിലും സാമൂഹ്യമാധ്യമങ്ങളുടെ പിന്നാമ്പുറങ്ങളിലുമായി വെറുതെ ആടിത്തീരുകയാണ്. എന്നാൽ ഈ ലോക ആകർഷണങ്ങളുടെ ഗുരുത്വാകർഷണബലത്തെ അതിലംഘിച്ച് സ്വർഗ്ഗോന്മുഖമായി അജപാലക ശുശ്രൂഷ ചെയ്യാനും ആത്മീയജീവിതം കെട്ടിപ്പടുക്കാനുമുള്ള സുശക്തമായ ആത്മീയശക്തിയുടെ സ്രോതസ്സ് തിരുസഭയ്ക്കുണ്ടെന്ന കാര്യം നാം മറന്നുപോകരുത്.

ഇന്നത്തെ വചനഭാഗത്തിന്റെ അടിസ്ഥാനത്തിൽ തീക്ഷ്ണതയുള്ള ഒരു സാക്ഷ്യജീവിതം നയിക്കാൻ നമുക്ക് സാധിക്കണം. ഈയൊരു ലക്ഷ്യത്തിനായി നാം തയ്യാറെടുക്കുമ്പോൾ ആദ്യമേ തന്നെ സ്നാപകനെപ്പോലെ ക്രിസ്തുവിനെ നമ്മുടെ ജീവിതവഴിത്താരയിൽ കാണാനും അനുഭവിക്കാനുമാകണം. നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന വിശുദ്ധ ബലിയാണ് അതിനുള്ള ഏറ്റവും വലിയ ശ്രേഷ്ഠമായ മാർഗ്ഗം. എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാർ ദൈവാനുഭവത്തിൽ നിന്ന് അകലുമ്പോൾ അപ്പം മുറിച്ചു നൽകിയ ക്രിസ്തുനാഥൻ അവരുടെ മൂടപ്പെട്ട കണ്ണുകളെ ദീപ്തമാക്കിയതുപോലെ നമുക്കും ഈ തിരുബലിയിങ്കൽ ക്രിസ്തുനാഥനെ കണ്ട് അനുഭവിക്കാൻ സാധിക്കട്ടെ. ദിവ്യകാരുണ്യനാഥൻ നമ്മുടെ ജീവിതങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.